**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 737** **17-09-2025 - ൽ മറുപടിയ്ക്ക്**

**പിഎം കുസും പദ്ധതി ടെൻഡർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. റോജി എം. ജോൺ ,<br>ഡോ. മാത്യു കുഴൽനാടൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ കർഷകർക്ക് സൗരോർജ്ജ പമ്പുകൾ നൽകാനുള്ള കേന്ദ്ര പദ്ധതിയായ പി. എം. - കുസും (പ്രധാൻ മന്ത്രി കിസാൻ ഊർജ്ജ സുരക്ഷാ ഏവം ഉത്ഥാൻ മഹാഭിയാൻ) പദ്ധതിയുടെ ആദ്യ ടെൻഡർ റദ്ദാക്കിയിരുന്നോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ; | (എ) | ആദ്യ ടെൻഡർ റദ്ദാക്കിയിരുന്നു. ആദ്യ ടെൻഡറിൽ ഏറ്റവും കുറഞ്ഞ തുക നൽകിയതായി കാണപ്പെട്ട കമ്പനി തങ്ങൾ തെറ്റായി തുക രേഖപ്പെടുത്തിയതായിരുന്നു വെന്നും (ആകെ തുകയ്ക്കു പകരം per kW തുകയാണ് രേഖപ്പെടുത്തിയതെന്നും), പ്രസ്തുത തുക പരിഗണിക്കരുതെന്നും, അവർക്ക് ആ തുകയിൽ പ്രൊജക്ട് നടത്തുവാൻ സാധിക്കുകയില്ല എന്നും email മുഖേനയും, കത്ത് മുഖേനയും അനെർട്ടിനെ അറിയിച്ചിരുന്നു. ഈ കാര്യം അനെർട്ടിലെ ബന്ധപ്പെട്ട നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ കാരണത്താൽ ടെൻഡറിൽ ഒരു L1 റേറ്റ് കണ്ടെത്തുവാൻ സാധിക്കുകയില്ലായിരുന്നു. കൂടാതെ 9,348 സൈറ്റുകൾ സമയബന്ധിതമായി കണ്ടെത്തി പദ്ധതി നടപ്പിലാക്കുവാൻ കൂടുതൽ കമ്പനികളുടെ പങ്കാളിത്തം ആവശ്യമാണ് എന്ന തിരിച്ചറിവും റീടെൻഡർ നടപടി കൈക്കൊള്ളാൻ കാരണമായതായി അനെർട്ട് അറിയിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ഉയർന്ന ആരോപണങ്ങളെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വകുപ്പുതല അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഉചിത തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | കേന്ദ്ര സർക്കാർ നിശ്ചയിച്ച ബെഞ്ച് മാർക്ക് നിരക്കിൽ നിന്ന് അധികം വ്യത്യാസമില്ലാതെ നിരക്ക് സമർപ്പിച്ച കമ്പനിയെ നീക്കം ചെയ്ത് വീണ്ടും ബിഡ് നടത്താൻ തീരുമാനിച്ചിരുന്നോ; എങ്കിൽ കാരണം വിശദമാക്കാമോ? | (ബി) | ആദ്യ ടെൻഡർ റദ്ദാക്കിയിരുന്നു. ആദ്യ ടെൻഡറിൽ ഏറ്റവും കുറഞ്ഞ തുക നൽകിയതായി കാണപ്പെട്ട കമ്പനി തങ്ങൾ തെറ്റായി തുക രേഖപ്പെടുത്തിയതായിരുന്നു വെന്നും (ആകെ തുകയ്ക്കു പകരം per kW തുകയാണ് രേഖപ്പെടുത്തിയതെന്നും), പ്രസ്തുത തുക പരിഗണിക്കരുതെന്നും, അവർക്ക് ആ തുകയിൽ പ്രൊജക്ട് നടത്തുവാൻ സാധിക്കുകയില്ല |

| | | | |
|---|---|---|---|
| | | | എന്നും email മുഖേനയും, കത്ത് മുഖേനയും അനെർട്ടിനെ അറിയിച്ചിരുന്നു. ഈ കാര്യം അനെർട്ടിലെ ബന്ധപ്പെട്ട നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ കാരണത്താൽ ടെൻഡറിൽ ഒരു L1 റേറ്റ് കണ്ടെത്തുവാൻ സാധിക്കുകയില്ലായിരുന്നു. കൂടാതെ 9,348 സൈറ്റുകൾ സമയബന്ധിതമായി കണ്ടെത്തി പദ്ധതി നടപ്പിലാക്കുവാൻ കൂടുതൽ കമ്പനികളുടെ പങ്കാളിത്തം ആവശ്യമാണ് എന്ന തിരിച്ചറിവും റീടെൻഡർ നടപടി കൈക്കൊള്ളാൻ കാരണമായതായി അനെർട്ട് അറിയിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ഉയർന്ന ആരോപണങ്ങളെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വകുപ്പുതല അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഉചിത തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ